കണക്കാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഏത് കണക്കാണ് പറയുന്നതെന്ന് എനിക്കറിയില്ല. ഔദ്യോഗികമായ കണക്കാണ് ഞാൻ പറഞ്ഞത്. 45 വയസ്സിന് മുകളിലുള്ളവരുടെ ആകെ എണ്ണം പരിശോധിച്ചാലും അങ്ങ് പറഞ്ഞതുപോലെയുള്ള കുറവ് കാണാൻ സാധിക്കുന്നില്ല. നിങ്ങൾ പറഞ്ഞ 16 ശതമാനത്തിന്റെ കണക്ക് ഒരു തരത്തിലും വരുന്നില്ല. ഇത്തരത്തിൽ ആളുകളെ തെറ്റിദ്ധരിപ്പിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കുറവ് വന്നത് പരിഹരിച്ചുകൊണ്ട് വാക്സിൻ ലഭ്യമാക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അവിടെ എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(2) കടമ്പ്രയാർ നദിയിലെ മലിനീകരണം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെയും ആലുവ, കളമശ്ശേരി, കുന്നത്തുനാട്, തൃപ്പൂണിത്തുറ, എറണാകുളം നിയോജക മണ്ഡലങ്ങളിലെയും ജലാശയങ്ങളുമായി ചേർന്നു കിടക്കുന്ന കടമ്പ്രയാർ നദി വൻതോതിൽ മലിനീകരണപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി കിഴക്കമ്പലത്ത് പ്രവർത്തിക്കുന്ന കിറ്റക്സ്

LIBRARY ARCHIVES Kerala Legislative Assembly

ഗാർമെന്റ്സ് കമ്പനിയിൽനിന്നും പുറന്തള്ളുന്ന രാസമാലിന്യം കടമ്പ്രയാറിലും പെരിയാർ കനാലിലും സമീപത്തുള്ള കിണറുകളിലും കുളങ്ങളിലും വലിയ തോതിൽ മാലിന്യം സൃഷ്ടിക്കുകയും അതുവഴി ജനങ്ങളുടെ ജീവിതത്തിന് ഭീഷണിയായിത്തീർന്നിരിക്കുകയുമാണ്. കിറ്റക്സ് ഗാർമെന്റ്സ് പുറന്തള്ളുന്ന ടെക്സ്റ്റൈൽസ് മാലിന്യം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതാണ്. ലോകത്ത് പരിസ്ഥിതിക്ക് ഭീഷണിയായി രാസമാലിന്യങ്ങൾ പുറത്തുവിടുന്ന വ്യവസായങ്ങളിൽ ഒന്നാമത്തേത് ടെക്സ്റ്റൈൽസ് ഉത്പാദന യൂണിറ്റുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയുടേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും ഉത്തരവിനെത്തുടർന്ന് തിരുപ്പൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 150-ൽപരം ബ്ലീച്ചിംഗ്, ഡൈയിംഗ് യൂണിറ്റുകൾ അടച്ചുപൂട്ടിയിരുന്നു. അവയിൽ കിറ്റക്സ് ഗാർമെന്റ്സ് നടത്തിയിരുന്ന ചിലത്, സംസ്ഥാന സർക്കാരിന്റെ അനുമതിയുണ്ടോയെന്നുപോലും സംശയിക്കാവുന്ന രീതിയിൽ അവിടെ പ്രവർത്തിക്കുകയാണ്. എന്നുമാത്രമല്ല, തിരുപ്പൂരിൽ അടച്ചുപൂട്ടിയ നൂറുകണക്കിന് ബ്ലീച്ചിംഗ്, ഡൈയിംഗ് യൂണിറ്റുകൾ ഉപയോഗിച്ചിരുന്ന സൗത്ത് ഇന്ത്യയിലെ ഡസൻ കണക്കിന് ടെക്സ്റ്റൈൽ മില്ലുകളുടെ ലോറികൾ കിഴക്കമ്പലത്തുകൊണ്ടുവന്ന് ബ്ലീച്ചിംഗും ഡൈയിംഗും

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണ്. ആധുനിക മാലിന്യസംസ്കരണ പ്ലാന്റില്ലാതെയാണ് കിഴക്കമ്പലം കമ്പനി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു ദിവസം പത്തുലക്ഷം ലിറ്റർ ഭൂഗർഭജലമാണ് ഇവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ നിയമങ്ങളും ലംഘിച്ച് കമ്പനി ഭൂഗർഭജലം ഊറ്റിയെടുക്കുകയാണ്. ഈ ഗുരുതരമായ വിഷയം ഉയർത്തി ജനങ്ങൾ സമരം ആരംഭിച്ചപ്പോൾ അതിനെ കമ്പനി നേരിട്ടത്, 20-20 എന്ന സംഘടന രൂപീകരിച്ച് പൊല്യൂഷന് നോട്ടീസ് നൽകിയ പഞ്ചായത്ത് കമ്മറ്റി പിടിച്ചെടുത്തുകൊണ്ടായിരുന്നു. വസ്തുങ്ങൾക്ക് നിറം കൊടുക്കുന്ന രാസപദാർത്ഥങ്ങളിൽ നിന്നുള്ള മാലിന്യമാണ് ഇതിൽ ഏറ്റവും ഗുരുതരം. വെള്ളത്തിന്റെ സ്വാഭാവിക ഘടനയെ അപകടകരമായി പരിവർത്തിപ്പിക്കുന്ന രാസമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനാകാത്തവയാണ്. ടെക്സ്റ്റൈൽസ് മാലിന്യ സംസ്കരണത്തിന് ഇപ്പോഴുള്ള അത്യാധുനിക സംവിധാനങ്ങൾപോലും ഫലപ്രദമല്ലെന്നാണ് പഠനങ്ങൾ പറയുന്നത്. Common method of waste disposal facility ഈ കമ്പനിയിലില്ല. രാസമാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന കമ്പനികൾ, അവ ആദ്യം സുരക്ഷിതമായ ടാങ്കുകളിൽ ശേഖരിച്ച് അതിലെ ദോഷകരമായ ഘടകങ്ങൾ വേർതിരിക്കുന്നതിന് അനുയോജ്യമായ ശീതീകരണിക ശ

LIBRARY ARCHIVES Kerala Legislative Assembly

ചേർത്ത് അരിച്ചുമാറ്റുകയും അപകടകരമായവയുണ്ടെങ്കിൽ അവ പ്രത്യേകമായി സംസ്കരിക്കുകയും ഉപയോഗയോഗ്യമാക്കി മാറ്റുകയുമാണ് വേണ്ടത്. ആധുനികരീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനം അവർ ഉപയോഗിക്കുന്നില്ല. നിർമ്മാർജ്ജനം ചെയ്ത് സംസ്കരിച്ച മാലിന്യങ്ങൾ ജലസ്രോതസ്സുകളിലും കൃഷിഭൂമിയിലും തള്ളുകയാണ്. ഡിസ്പോസ് ചെയ്യുന്നതിനുള്ള നിബന്ധന പാലിക്കപ്പെടുന്നില്ല. മലിനജല ശുദ്ധീകരണത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ല. Aeration, carbon filtration, pressure, sand filtration തുടങ്ങിയവ ഫലപ്രദമായി നടത്തിയതിനുശേഷം മാത്രമേ reverse osmosis system സ്ഥാപിക്കാൻ കഴിയൂ. ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി എന്നിവ സ്ഥിതി ചെയ്യുന്ന എറണാകുളം നഗരത്തിലെ ഏറ്റവും സുപ്രധാനമായ മേഖലയിലെ ജലസ്രോതസ്സുകളിൽ ഏറ്റവും ഗുരുതരമായ, നൂറുകണക്കിന് വർഷങ്ങൾ കഴിഞ്ഞാലും പരിഹരിക്കപ്പെടാൻ കഴിയാത്ത മാലിന്യങ്ങൾ ഈ കമ്പനിയിൽനിന്നും പുറന്തള്ളുന്നതുമൂലം കടമ്പ്രയാർ നദി എന്നന്നേക്കുമായി മരിക്കുകയാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം കടമ്പ്രയാർ നദിയുടെ പ്രശ്നമാണ് ഉന്നയിച്ചത്. രാജ്യത്തെ മലിനീകരണപ്പെട്ട നദികളുടെ പട്ടികയിൽ പ്രയോറിറ്റി-4 വിഭാഗത്തിലാണ് കടമ്പ്രയാർ നദി ഉൾപ്പെടുന്നത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദിയുടെ പുനരുജ്ജീവനത്തിനായി കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കിവരികയാണ്. ഇതിനായി രൂപീകരിച്ച സമിതി ഇതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. സ്വീവേജ് മാലിന്യവും ഖരമാലിന്യവും ബ്രഹ്മപുരം പ്ലാന്റിൽനിന്നുള്ള ദ്രാവകങ്ങളുമാണ് നദിയുടെ മലിനീകരണത്തിന് പ്രധാന കാരണം. നദിയിൽനിന്നും എല്ലാ മാസവും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചുവരുന്നു. പുഴയിൽ അലിഞ്ഞുചേർന്നിട്ടുള്ള ഓക്സിജന്റെ അളവ് കുറവായും കോളിഫോമിന്റെ അളവ് കൂടുതലായും കാണുന്നുണ്ട്. സമീപത്തെ ഫ്ലാറ്റ് സമുച്ചയങ്ങൾ, ഹോട്ടലുകൾ എന്നിവയിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. പുഴയുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലും ഇടവിട്ടുള്ള പരിശോധന നടത്തിവരുന്നു. ബഹുമാന്യനായ അംഗം ഒരു പ്രത്യേക കമ്പനിയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരാമർശിച്ചിട്ടുണ്ട്. അതിന് പ്രത്യേക കാരണങ്ങളുണ്ടാകാം. ഏതായാലും നിയമലംഘനമുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. എം. എസ്. അശോകന്റെ "ശവക്കച്ച തുന്നുന്ന പണാധിപത്യം" എന്ന പരമ്പര അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. കാരണം അത് തയ്യാറാക്കിയത് ദേശാഭിമാനിയാണ്. അതിൽ "നണയിൽ പൊതിഞ്ഞ കോർപ്പറേറ്റ് വിഷം കടന്നുയാറിനെ നശിപ്പിക്കുന്നു" എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ലേഖനം കാണാതിരിക്കാൻ വഴിയില്ല. അവിടെ വളരെ ഗുരുതരമായ ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ; ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതുവരെ കമ്പനിയുടെ പ്രവർത്തനം നിർത്തിവച്ച് മികച്ച പ്ലാന്റ് സ്ഥാപിച്ചശേഷമേ തുടരാവൂ എന്ന് നിർദ്ദേശിക്കാനും പ്ലാച്ചിമടയ്ക്ക് തുല്യമായ ജലം ഊറ്റിയെടുക്കുന്ന (ഒരു ദിവസം 10 ലക്ഷം ലിറ്റർ ജലം) നടപടി സംബന്ധിച്ച് അന്വേഷണം നടത്താനും തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അദ്ദേഹത്തിന്റെ വികാരം എനിക്ക് മനസ്സിലാക്കാൻ കഴിയും. അതിനെല്ലാം ഇപ്പോൾ മറുപടി പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

ശരിയാകുമെന്ന് തോന്നുന്നില്ല. ഈ കമ്പനിയുടെ കാര്യത്തിൽ എന്തെങ്കിലും നിയമലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

III. സബ്മിഷൻ

(1) അദ്ധ്യാപക നിയമനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാർ/എയ്ഡഡ് മേഖലകളിൽ അദ്ധ്യാപക നിയമനം നടക്കാത്തതുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖല തകരുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണെന്നുള്ള ഗുരുതരമായ വിഷയം ഞാൻ ഉന്നയിക്കുകയാണ്. സർക്കാർ മേഖലയിൽ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ 1632 പേർക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും കഴിഞ്ഞ 16 മാസമായി നിയമനം കിട്ടാത്ത ഉദ്യോഗാർത്ഥികൾ കേരളത്തിലുണ്ട്. ഈ 1632 പേരിൽ നാലുപേർ ഇതിനകം മരണപ്പെട്ടു. സർക്കാർ മേഖലയിൽ മാത്രം 9500-ലധികം അദ്ധ്യാപകരുടെ ഒഴിവുകൾ നിലനിൽക്കുകയാണ്. പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ 1700-ലധികമാണ്. കഴിഞ്ഞ അദ്ധ്യയനവർഷം 954 പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകർ ഉണ്ടായിരുന്നില്ല. ഈ വർഷം 750-ലധികം

LIBRARY ARCHIVES Kerala Legislative Assembly